# മനം തിരിയുക

## യെശയ്യാവ് 26:9

"എന്റെ ഉള്ളം കൊണ്ടു ഞാൻ രാത്രിയിൽ നിന്നെ ആഗ്രഹിച്ചു; എന്റെ ഉള്ളിൽ എന്റെ ആത്മാവുകൊണ്ടു തന്നേ ഞാൻ ജാഗ്രതയോടെ നിന്നെ അന്വേഷിക്കും."

രണ്ടു വ്യക്തികൾ തമ്മിലുള്ള സത്യസന്ധമായ ഒരു ബന്ധത്തിൽ അവർ അൽപനേരത്തേക്ക് ഒന്ന് പിരിഞ്ഞിരിക്കുമ്പോൾ അവരുടെ ഉള്ളങ്ങൾ പരസ്പരം കാണുവാനും സ്നേഹം പങ്കിടാനും ഒക്കെ വളരെയധികം വാഞ്ചയോടെ ആയിരിക്കും. അത് ഭാര്യഭർത്യു ബന്ധമായിക്കൊള്ളട്ടെ, അമ്മ-മക്കൾ തമ്മിലുള്ള ബന്ധമായിക്കൊള്ളട്ടെ ഏതൊരു ബന്ധമായാലും അവരുടെ ഉള്ളിലുള്ള വികാരം ഒന്നായിരിക്കും; അതു സത്യസന്ധ്മായ ഒരു സ്നേഹബന്ധമാണെങ്കിൽ. ഇവിടെ വചനം വായിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്ന ഒരു കാര്യമുണ്ട്, നമ്മുടെ ഉള്ളിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ ആത്മാവിന് ദൈവത്തെ പിരിഞ്ഞ് ഇരിക്കുക എന്നു പറയുന്നത് വളരെ വിഷമകരമായ ഒരവസ്ഥയാണ്. അതിനാൽ ആത്മാവ് നമ്മെ നിരന്തരം ദൈവവുമായി ഒരു വ്യക്തിബന്ധം പുലർത്താൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കും. ആ ആത്മപ്രേരണയെ സ്വീകരിച്ച് ദൈവത്തെ നിരന്തരം അന്വേഷിക്കുന്നവർ അവനുമായി ഒരു വ്യക്തിപരമായ ആത്മബന്ധം സ്ഥാപിക്കുകയും അതുവഴി പൂർണ്ണമായി ദൈവ നിയന്ത്രണത്തിലാകുകയും ചെയ്യുന്നു.

യെശയ്യാവ് 55:6 ൽ ഇപ്രകാരം പറയുന്നു, 'യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ.'

അവൻ അടുത്തിരിക്കുമ്പോൾ നാം തിരിച്ചറിയാതെ പോയതിനുശേഷം നാം അവനിൽ നിന്നകന്നു പോയി അവനെ വിളിക്കുകയും കണ്ടെത്തുകയും ചെയ്യുക എന്നു പറയുന്നത് ദുഷ്കരമായ കാര്യമാണ്. അതു കൊണ്ടാണ് ദൈവം പറയുന്നത് നീ മനം തിരിയുക. നാം അവനു വേണ്ടി കഠിനാദ്ധ്വാനം ചെയ്തു എന്നു പറഞ്ഞതു കൊണ്ടോ അല്ലെങ്കിൽ നമ്മുടെ ജീവിതം തന്നെ അവന്നു വേണ്ടി മാറ്റിവെച്ചു എന്നു പറഞ്ഞതു കൊണ്ടൊ ആയില്ല, മറിച്ച് നമ്മുടെ മനസ്സിനെ ശോധന കഴിപ്പാൻ തക്കവണ്ണം പൂർണ്ണമായി ദൈവസന്നിധിയിൽ പകരണം. അപ്പോൾ അവൻ അതിലുള്ള അശുദ്ധിയെല്ലാം നീക്കം ചെയ്ത് അവന്റെ ആത്മാവിനാൽ അതിനെ നിറക്കുക തന്നെ ചെയ്യും. അതിനാൽ നാം ആത്മാവിൻ നിയന്ത്രണത്തിൽ ആയി മാറും.

യെശെയ്യാവ് 55 ൽ നാം കാണുന്നത് യിസ്രായേൽ മക്കൾക്ക് ദൈവം കൊടുക്കുന്ന വ്യക്തിപരമായ ഒരു ക്ഷണനം ആണ്. ദൈവം അത്രമാത്രം സ്നേഹം അവരുടെ മേൽ

ചൊരിഞ്ഞിട്ടും മത്സരികളായിപ്പോയ ദൈവജനത്തെ മനം തിരിഞ്ഞ് അവനിലേക്ക് വരുവാനുള്ള ഒരു വലിയ വിളി. അതുപോലെ തന്നെ നമുക്ക് ഇന്നു ലഭിച്ചിരിക്കുന്ന ഒരു വലിയ വിളിയാണ് ഈ വചനം. ഇന്നു നീ എവിടെ ആയിക്കൊള്ളട്ടെ ഏതവസ്ഥയായിക്കൊള്ളട്ടെ നിന്റെ മനസ്സിനെ ദൈവത്തിന്നു പൂർണ്ണമായി പകരുവാൻ നീ തയ്യാറാണോ? അതാണ് ദൈവം ഇന്ന് നമ്മിൽ നിന്നാഗ്രഹിക്കുന്നത്. അവൻ നമ്മെ സൃഷ്ടിച്ച് നമ്മിൽ അവന്റെ ജീവൻ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അവനതിൽ പൂർണ്ണമായ അധികാരം ഉണ്ട്. ഇന്ന് നമ്മൾ അതൊന്ന് മനസ്സിലാക്കണം, അതേറ്റെടുക്കണം. അതിനാൽ ദൈവത്തിങ്കലേക്ക് മനം തിരിയാനുള്ള ഒരു പ്രേരണ നമ്മുടെ ഉള്ളങ്ങളിൽ സംജാതമാകണം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 139:7

നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും?

ബ്രദർ. ബിനു ബേബി ആലപ്പുഴ 067